# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ജൂലായ് 11-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -16)

484)വൻകിട ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾ
485)സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പദ്ധതിയും നിക്ഷേപ സമാഹരണവും
486)സഹകരണ ജീവനക്കാർക്ക് പെൻഷൻ
487)ഹാർഡ് വെയർ-സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി
488)സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി
489)വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായികരംഗത്ത് ഉണ്ടായ പുരോഗതി
490)വ്യാവസായിക പ്രവർത്തനത്തിന് കുടുംബ സംഗമം
491)കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ
492)സഹകരണരംഗത്തെ വായ്പകൾ
493)സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷറുകൾ
494)തലസ്ഥാന നഗരിയിൽ മെട്രോ സർവീസ്
495) ഐ.റ്റി വികസനത്തെപ്പറ്റിയുള്ള പഠനം
496)കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി
497)കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷന്റെ പ്രവർത്തനങ്ങൾ
498)ഐ.ടി.പ്രൊഫഷണലുകൾക്ക് തൊഴിൽ
499)അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരണം

### വൻകിട ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾ

*484. ശ്രീ. ഡി. സുഗതൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ. ബാബു :
ശ്രീ. വി.ഡി. സതീശൻ :
പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ തരം തിരിവിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) ഇവ ഓരോന്നിനും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകിവരുന്നു ;

(സി) ഏതെങ്കിലും പ്രത്യേക ഉൽപ്പാദനരംഗം ഇവയിലേതിനെങ്കിലും വേണ്ടി നീക്കിവച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ( വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):**

(എ) ചെറുകിട, വൻകിട, ഇടത്തരം വ്യവസായങ്ങളുടെ തരംതിരിവും നിക്ഷേപ പരിധിയും കേന്ദ്രസർക്കാരിന്റെ വ്യവസായ മന്ത്രാലയമാണ് നിശ്ചയിക്കുന്നത്. കെ.എസ്.ഐ.ഡി.സി.യുടെ മാനദണ്ഡമനുസരിച്ച് ഇടത്തരം വ്യവസായങ്ങളുടെ പരിധി 1 കോടി രൂപ മുതൽ 5 കോടി രൂപ വരെയും വൻകിട വ്യവസായങ്ങളുടെ പരിധി 5 കോടി രൂപയിൽ കൂടുതലുമാണ്. കൂടാതെ 25 കോടി രൂപയിൽ കൂടിയ പദ്ധതികളെ 'മെഗാ' പദ്ധതികളെന്നും തരംതിരിച്ചിട്ടുണ്ട്.

100 ലക്ഷം രൂപയാണ് ചെറുകിട വ്യവസായത്തിന്റെ പരിധി. എന്നാൽ ഹൊസിയറി, ഹാന്റ് ടൂൾസ്, സ്റ്റേഷനറി, ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ മുതൽ മുടക്ക് 5 കോടിവരെയായാലും എസ്.എസ്.ഐ. യൂണിറ്റായി പ്രത്യേകം പരിഗണിക്കുന്നതാണ്.

(ബി സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹനങ്ങൾ ഫ്രധാനമായും, വ്യവസായനയം, ഐ.ടി. നയം എന്നിവയുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്.

വൻകിട ഇടത്തരം മേഖലയ്ക്ക് സംസ്ഥാന നിക്ഷേപ സബ്സിഡി നൽകിവരുന്നു. കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ, സൗജന്യങ്ങൾ, ഇളവുകൾ, സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.

ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) ചെറുകിട വ്യവസായ മേഖലയിൽ മാത്രം ഉൽപ്പാദിപ്പിക്കാൻവേണ്ടി 675 ഉൽപ്പന്നങ്ങൾ കേന്ദ്രസർക്കാർ റിസർവ്വ് ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദവിവരം അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു.

## സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പദ്ധതിയും നിക്ഷേപ സമാഹരണവും

*485. ശ്രീ. എ.കെ. ബാലൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ വായ്പാ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) ഈ വർഷം എത്രകോടിരൂപ വായ്പയായി നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു ;

(സി) നിക്ഷേപ സമാഹരണം വഴി ലക്ഷ്യം വച്ചിട്ടുള്ള തുകയും കൈവരിച്ച നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണബാങ്കിന്റെ പുതിയ ഭരണസമിതി മറ്റ് ഏതെങ്കിലും ബാങ്കുകളുടെ വായ്പകൾ ഏറ്റെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളുടെ, ഏതെല്ലാം ആളുകളുടെ, എന്ത് തുകയുടെ വായ്പകളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) ലോൺ ടേയ്ക്കോവറുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ ( സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) വിശദവിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.

(ബി) 2003-2004-ൽ 1907.80 കോടിരൂപ വായ്പയായി നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) 400 ലക്ഷം രൂപ സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരുന്നു. 875.85 ലക്ഷം രൂപ സമാഹരിച്ചു.

(ഡി) ഉണ്ട്. വിശദവിവരം അനുബന്ധം (2)ൽ ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല.

അനുബന്ധം-1

സംസ്ഥാന സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ വായ്പാ പദ്ധതികൾ

| | വായ്പ | പരിധി | സെക്യൂരിറ്റി | പലിശ | കാലാവധി |
|---|---|---|---|---|---|
| 1. | പ്രവർത്തന മൂലധന വായ്പ | വ്യക്തികൾക്കും ഫേമുകൾക്കും 25 ലക്ഷം രൂപ കമ്പനികൾക്ക് 300 ലക്ഷം രൂപ | വസ്തു ജാമ്യവും സ്റ്റോക്കിന്റെ ഈടും | 50000 രൂപ വരെ 12%. 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മകളിൽ 14% | ഒരു വർഷം (കാലാകാലങ്ങളിൽ പുതുക്കി നൽകാറുണ്ട്). |
| 2 | കറന്റ് അക്കൗണ്ട് ഓവർഡ്രാഫ്റ്റ് | ഒരു ലക്ഷം രൂപ | ആൾ ജാമ്യമോ വസ്തു ജാമ്യമോ(ഏതെങ്കിലും ഒന്ന) | 50000 രൂപ വരെ 12% 50000 രൂപക്ക് മുകളിൽ 13% | ഒരു വർഷം (അക്കൗണ്ട് ഓപ്പറേഷൻ തൃപ്തികരമെങ്കിൽ ഒരു വർഷം കൂടി പുതുക്കി നൽകും |
| 3 | ഭവന വായ്പ | 10 ലക്ഷം രൂപ | പണിയാനുദ്ദേശിക്കുന്ന വീടും അതിരിക്കുന്ന സ്ഥലവും | 5 വർഷം വരെ 10%, 5 മുതൽ 10 വർഷം വരെ 10.25%, 10-നു മുകളിൽ 15 വർഷം വരെ 10.50% | 180 മാസം വരെ |
| 4 | വാഹന വായ്പ | 10 ലക്ഷം രൂപ | വാഹനത്തിന്റെ ഈടു കൂടാതെ വസ്തു ജാമ്യമോ ആൾ ജാമ്യമോ | 50,000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13 % 2 ലക്ഷത്തിനു മുകളിൽ 14% | 60 മാസം |
| 5 | സ്വർണ്ണപ്പണയ വായ്പ | 2 ലക്ഷം രൂപ | പണയ ഉരുപ്പടികൾ | 3 മാസം വരെ 11% 6 മാസം വരെ 11.50% 1 വർഷം വരെ 12.50% | ഒരു വർഷം |

| | | | | | |
|---|---|---|---|---|---|
| 6 | സമൃദ്ധി ലോൺ | 1 ലക്ഷം രൂപ | വസ്തു ജാമ്യമോ ആൾ ജാമ്യമോ | 50000 രൂപ വരെ 12% 50000 രൂപയ്ക്കു മുകളിൽ 13% | 60 മാസം |
| 7 | മോർട്ടഗേജ് ലോൺ | 7.50 ലക്ഷം രൂപ | വസ്തു ജാമ്യം | 50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14% | 60 മാസം |
| 8 | വിദ്യാഭ്യാസ വായ്പ | 5 ലക്ഷം രൂപ | വസ്തുജാമ്യമോ ആൾ ജാമ്യമോ | 50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14% | 84 മാസം |
| 9 | വ്യവസായ വായ്പ/പ്രവർത്തന മൂലധന വായ്പ | 300 ലക്ഷം രൂപ | വസ്തു ജാമ്യവും സ്റ്റോക്കിന്റെ ഈടും കൂടാതെ ബ്ളോക്ക് ക്യാപ്പിറ്റൽ വായ്പകൾക്ക് വായ്പ പ്രകാരം വാങ്ങിയ യന്ത്രസാമഗ്രികൾ മുതലായവയുടെ ഈടും | 50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14% | 60 മാസം |
| 10 | ചെക്ക്/ബിൽ ഡിസ്കൗണ്ടിംഗ് | 50,000 രൂപ | സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ചെക്ക്/ബിൽ എന്നിവ | 15 ദിവസം വരെ 12%, 15 ദിവസത്തിനു മുകളിൽ 3 മാസം വരെ 14 % മൂന്നു മാസത്തിനു മുകളിൽ 15% | |

സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി ഏറ്റെടുത്തിട്ടുള്ള വായ്പകളുടെ വിശദവിവരം

| | വായ്പാ തീയതി | വായ്പാ നൽകിയ യൂണിറ്റ് | അനുവദിച്ച തുക് | വായ്പാതുകയിൽ നിന്ന് ഇതര ബാങ്കുകൾക്കുള്ള കടം തീർത്തത്/തീർക്കാർ തീരുമാനമായത് |
|---|---|---|---|---|
| 1 | 19.09.2002 | ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് (പ്രൈ. ലിമിറ്റഡ്) | 350 ലക്ഷം രൂപ | ഇൻഡസ് ഇൻഡ് ബാങ്ക്-260 ലക്ഷം രൂപ |
| 2 | 06.01.2003 | സെന്റം ജോർജ് കേബിൾസ് (പ്രൈവറ്റ് ലിമിറ്റഡ്) | 300 ലക്ഷം (200 ലക്ഷം ടേം ലോൺ, 100 ലക്ഷം പ്രവർത്തന മൂലധനം) | സിഡ്ബി-103.57 ലക്ഷം രൂപ. പഞ്ചാബ് നാഷണൽ ബാങ്ക്-48.00 ലക്ഷം രൂപ |
| 3 | 11.12.2002 | ബെൻ ടെക്ക് ഇലക്ട്രിട്ടൽസ് പ്രൈ.ലിമിറ്റഡ്) | 115 ലക്ഷം രൂപ (43 ലക്ഷം ടേം ലോൺ 72 ലക്ഷം പ്രവർത്തന മൂലധനം) | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-43.00 ലക്ഷം രൂപ |
| 4 | 23.12.2002 | കണ്ണൂർ റോളർ ഫ്ളവർ മിൽസ് | 450 ലക്ഷം രൂപ | പഞ്ചാബ് നാഷണൽ ബാങ്ക് 415 ലക്ഷം രൂപ |
| 5 | 30.04.2003 | ഹ്യൂസ് അഡ്വർട്ടൈസിംഗ് ആന്റ് മാർക്കറ്റിംഗ് (പ്രൈ. ലിമിറ്റഡ്) | 57.30 ലക്ഷം രൂപ | ദേനാ ബാങ്ക് 35.10 ലക്ഷം രൂപ |
| 6 | 11.12.2002 | ജെ.ജെ. ഹോളിഡേ | 340 ലക്ഷം രൂപ | കെ.എഫ്.സി 240 |

| | | | | |
|---|---|---|---|---|
| | | റിസോർട്ട് | | ലക്ഷം രൂപ |
| 7 | 06.03.2003 | കല്പകവാടി മോട്ടൽസ് | 25 ലക്ഷം രൂപ | ലോർഡ് കൃഷ്ണാ ബാങ്ക് 10 ലക്ഷം രൂപ |
| 8 | 05.11.2002 | പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽസ് | 50 ലക്ഷം രൂപ | എസ്.ബി.ടി. 3.09 ലക്ഷം രൂപ |
| 9 | 19.06.2003 | അഷ്ടമുടി റിസോർട്ട്സ് | 200 ലക്ഷം രൂപ | കെ.എസ്.ഐ.ഡി.സി 102 ലക്ഷം രൂപ |
| 10 | 19.06.2003 | ഗാന്ധി ഗ്രാം റബ്ബേഴ്സ് | 330 ലക്ഷം രൂപ (150 ലക്ഷം ടേം ലോൺ, 180 ലക്ഷം പ്രവർത്തന മൂലധനം) | സൗത്ത് ഇൻഡ്യൻ ബാങ്ക് 283.82 ലക്ഷം രൂപ |

## സഹകരണ ജീവനക്കാർക്ക് പെൻഷൻ

*486. ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങലിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) എന്നുമുതൽ സർവ്വീസിലുണ്ടായിരുന്നവരേയും എന്നുമുതൽ റിട്ടയർ ചെയ്തവരേയുമാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ ജീവനക്കാർക്ക് പെൻഷൻ നൽകിക്കൊണ്ടുള്ള പദ്ധതി നിലവിൽ വന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുരമുഖവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പ്രാഥമിക സഹകരണ സംഘത്തിൽ നിന്നും 1.1.1974 മുതൽ റിട്ടയർ ചെയ്തവരും ജീവിച്ചിരിക്കുന്നവരും ആയവരെയാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) നിലവിൽ വന്നിട്ടുണ്ട്.

## ഹാർഡ് വെയർ-സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി

*487. ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. എം.പി. ഗംഗാധരൻ :
ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഐ.ടി.യുമായി ബന്ധപ്പെട്ട രംഗങ്ങളിൽ എത്രമാത്രം വികസനം ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത വികസനം സോഫ്റ്റ് വെയർ-ഹാർഡ് വെയർ വ്യവസായങ്ങളിൽ ഒരുപോലെ ഉണ്ടായിട്ടുണ്ടോ ;

(സി) കഴിഞ്ഞവർഷം ഹാർഡ് വെയർ-സോഫ്റ്റ് വെയർ ഗണങ്ങളിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ എന്തു തുകയ്ക്കുള്ള കയറ്റുമതി സംസ്ഥാനത്തുനിന്ന് ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻഫോസിസ്, ടി.സി.എസ്, മെക്കിൻസി തുടങ്ങി പല പ്രമുഖ കമ്പനികളും സംസ്ഥാനത്ത് മുതൽ മുടക്കുകയോ, മുതൽ മുടക്കാൻ തയ്യാറാവുകയോ ചെയ്തിട്ടുണ്ട്. ഏകദേശം 80-ഓളം കമ്പനികൾ ഐ.ടി. മിഷന്റെ കീഴിലുള്ള നിക്ഷേപ പ്രോത്സാഹന സെല്ലിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഐ.ടി കേരള 2002 എന്ന പേരിൽ ഒരു ആഗോള ഐ.ടി. പ്രദർശനം ടെക്നോപാർക്കിൽ നടത്തി. കേരളത്തിലെ ഏറ്റവും വലിയ ഐ.ടി കെട്ടിടമായ 'ഭവാനിയുടെ' ഉത്ഘാടനം തിരുവനന്തപുരം ടെക്നോ പാർക്കിൽ നിർവ്വഹിച്ചു.

കൊച്ചിയിൽ 2 ലക്ഷം ചതുരശ്ര അടിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏറ്റവുമധികം തൊഴിൽ സാദ്ധ്യതകൾ നൽകുന്ന ഐ.റ്റി.ഇ.എസ്. രംഗത്ത് 13-ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഐ.ടി. സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനായി ഒരു ബൃഹത് പദ്ധതിയായ 'അക്ഷയ' ബഹുമാനപ്പെട്ട രാഷ്ട്രപതി ഉത്ഘാടനം ചെയ്യുകയും പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഈ പദ്ധതി അടുത്ത രണ്ട് വർഷത്തിനുള്ളിൽ മറ്റു ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ടെക്നോപാർക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ 15 കമ്പനികൾ അവയുടെ വ്യവസായം വിപുലീകരിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ മൊത്തം തുകയായ 1185 കോടി രൂപയിൽ ഹാർഡ് വെയർ മേഖലയുടെ പങ്ക് 420 കോടി രൂപയാണ്. സംസ്ഥാനത്ത് ഹാർഡ് വെയർ മേഖലയ്ക്ക് വിപണി ഉണ്ടാക്കുന്നതിനും ഹാർഡ് വെയർ വ്യവസായത്തിന് ആവശ്യമായ പ്രോത്സാഹനം നൽകാനും പരിപാടി ഉണ്ട്. ഈ സാഹചര്യത്തിൽ ഹാർഡുവെയർ മേഖലയിൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ വികസനം ത്വരിതപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സോഫ്ട് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യയിൽ രജിസ്റ്റർ ചെയ്ത കമ്പനികളിൽ നിന്നും ഹാർഡ് വെയർ, സോഫ്റ്റ് വെയർ ഗണങ്ങളിൽപ്പെട്ട ഉൽപ്പന്നങ്ങളുടേതായി ഈ വർഷം 175 കോടി രൂപയ്ക്കുള്ള കയറ്റുമതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 14 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടെക്നോ പാർക്കിലെ 40 കമ്പനികളിൽ ഹാർഡ് വെയർ സോഫ്റ്റ് വെയർ മേഖലകളിൽ നിന്നുമായി 117.68 കോടി രൂപയുടെ കയറ്റുമതി ഉണ്ടായിട്ടുണ്ട്. ഇതുൾപ്പെടെ സംസ്ഥാനത്ത് നിന്നും കഴിഞ്ഞവർഷം മൊത്തം 600 കോടിയോളം രൂപയുടെ കയറ്റുമതി ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട് .

## <u>സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി</u>

*488 ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി.കെ.സി. മമ്മതുകോയ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കേന്ദ്രസർക്കാരിൽ നിന്നു ലഭിച്ച ധനസഹായത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് കേന്ദ്രസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന് സംസ്ഥാന സർക്കാർ അയച്ചിട്ടുള്ള അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. കുട്ടികളുടെ ക്ഷേമത്തിനായി ഐ.സി.ഡി.എസ് പദ്ധതിയിൽ അംഗൻവാടി കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുക വനിതകൾക്കും കുട്ടികൾക്കുമായി അംഗൻവാടി കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി ഉയർത്തുക, ജുവനൈൽ ഹോമുകളിലെ അന്തേവാസികളായ കുട്ടികളെ സാധാരണ സ്കൂളുകളിലെ ബോർഡിംഗില ചേർത്തു പഠിപ്പിക്കുന്നതിുള്ള പദ്ധതി, വൃദ്ധജനങ്ങൾക്കുള്ള ഡേ കെയർ വനിതകൾക്കുള്ള വൺഡേ ഹോം, എറണാകുളത്ത് പുരുഷൻമാർക്കുള്ള ആശാഭവൻ, മാനസിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള ഭവനം, ബാല നീതി നിയമമനുസരിച്ചുള്ള സംരക്ഷണം എന്നിവയാണ്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

(ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൻ്ൽ നിന്നും ലഭിച്ച ധന സഹായത്തിന്റെ വിശദവിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(സി) സ്വയം സിദ്ധ പദ്ധതി, ഒരു കപ്പുപാലും ഷേക്ക് ഹാന്റും പദ്ധതി, ബാലികാ സമൃദ്ധി യോജന, ഐ.സി.ഡി.എസ് (ജനറൽ), എ പ്രോഗ്രാം ഫോർ ജുവനൈൽ ജസ്റ്റീസ്, ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള മൂന്നാം ഘട്ട ഐ.സി.ഡി.എസ്. പദ്ധതി, വികലാംഗ ക്ഷേമ പ്രവർത്തനം

നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വികലാംഗ ഉപകരണ്ങ്ൾ വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന വ്യക്തികളുടെ ചികിത്സയും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വൃദ്ധ സദന മെയിന്റനൻസ്, സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യം തടയാൻ ബോധവത്ക്കരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, സ്റ്റെപ്പ്, നൊറാഡ്, ഷോർക്ക് സ്ടേ ഹോം ദേശീയ വാർദ്ധക്യ കാല പെൻഷന (കേന്ദ്ര വിഹിതം), ദേശീയ കുടുംബക്ഷേമ പദ്ധതി എന്നിവയ്ക്ക് കേന്ദ്ര സർക്കാർ ധനസഹായം ലഭിച്ചുവരുന്നു.

(ഡി) 2002-2003 വർഷത്തിൽ കേന്ദ്ര സർക്കാർ ധനസഹായത്തിനായി ശുപാർശ ചെയ്ത സന്നദ്ധ സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു

(ഇ0 കേന്ദ്ര സർക്കാർ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥൻമാർ വിശദമായി പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം ശുപാർശ ചെയ്ത സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയക്കുക മാത്രമാണ് ചെയ്യുന്നത്. ഏതൊക്കെ അപേക്ഷകൾ തീർപ്പാക്കിയെന്നും ഏതൊക്കെ തീർപ്പാക്കാനുണ്ടെന്നുമുള്ള വിവരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല.

## വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായികരംഗത്ത് ഉണ്ടായ പുരോഗതി

*489. ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായികരംഗത്ത് ഉണ്ടായ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ഉണ്ടായ പുതിയ നിക്ഷേപം എത്രയാണ് ;

(സി) ഏതെല്ലാം മേഖലകളിലാണ് പുതിയ നിക്ഷേപം ഉണ്ടായതെന്ന് സ്ഥാപനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര പുതിയ തൊഴിൽ അവസരങ്ങൽ വ്യവസായ മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിലുണ്ടായ പുരോഗതി താഴെപ്പറയുന്നവയാണ്.

വ്യവസായ മേഖലയിൽ വിവിധ പ്രോത്സാഹനങ്ങൾ നൽകിയതിലൂടെ, വ്യവസായങ്ങൾ സ്ഥാപിതമാവുകയും അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിക്കുകയും ചെയ്തു.

ഏകജാലക സംവിധാനം പ്രാവർത്തികമാക്കുന്നതിനായി നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുകയും അതിൻപ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുണ്ടായി.

വിവിധ മേഖലകളിൽ നിക്ഷേപ സാദ്ധ്യതയുള്ള പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആഗോളനിക്ഷേപക സമ്മേളനം സംഘടിപ്പിച്ചതിലൂടെ നിക്ഷേപം സംസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിനും കേരളം ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി എന്ന സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനും സാധിച്ചു. ആഗോള നിക്ഷേപക സമ്മേളനത്തിൽ ഏകദേശം 26,000 കോടി രൂപയിലേറെ നിക്ഷേപ സാദ്ധ്യതയുള്ള 96 ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയുണ്ടായി. വ്യവസായ നയത്തിന്റെ ഭാഗമായി കിൻഫ്ര പല തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു സംബന്ധമായ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനും പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും കൈത്തറി വ്യവസായ പുരോഗതി കൈവരുന്നതിനും ആവശ്യമായ പല പദ്ധതികളും ഇതിനകം സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2001-02, 2002-03 വർഷത്തിൽ ഏകദേശം 30448 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) &(സി): കെ.എസ്.ഐ.ഡി.സിയുടെ സഹായത്തോടെ പൂർത്തിയാക്കിയ പദ്ധതികളിലെ നിക്ഷേപം താഴെ ചേർക്കുന്നു.

| | |
|---|---|
| 2001-2002 | 127.54 കോടി രൂപ |
| 2002-2003 | 94.17 കോടി രൂപ |
| ആകെ | 221.71 കോടി രൂപ |

(സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങളുടേയും വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെറുകിട വ്യവസായ രംഗത്ത് എല്ലാ മേഖലകളിലും കൂടി 440.06 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായിട്ടുണ്ട്. ജൈവ സാങ്കേതിക വിദ്യ, കാർഷികാധിഷ്ടിത ഭക്ഷ്യ സംസ്ക്കരണം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ പുതിയ മേഖലകളും ഇവയിൽ പെടുന്നു. കിൻഫ്രയുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളും നിക്ഷേപങ്ങളും അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.

(ഡി) ചെറുകിട വ്യവസായ മേഖലയിൽ 97645-ഉം വൻകിട ഇടത്തരം വ്യവസായങ്ങളിൽ (വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിൽ വരുന്ന) 3246-ഉം കിൻഫ്രയുടെ വ്യവസായ പാർക്കുകളിലൂടെ 1138-ഉം പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്.

## വ്യാവസായിക പ്രവർത്തനത്തിന് കുടുംബ സംഗമം

490. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ
ശ്രീ മഞ്ഞളാംകുഴി അലി
ശ്രീ കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ വ്യവാസായിക പ്രവർത്തനത്തിന് കുടുംബസംഗമം എന്ന നൂതന പദ്ധതി സംസ്താനത്ത് പനടപ്പിൽ വരുത്തുമെന്ന നയം പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബസംഗമം എന്ന പധ്ധതി വഴി നിലവിൽ വന്ന വ്യാവസായിക സംരംഭങ്ങൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തു തുക വീതം ചെലവഴിക്കുകയുണ്ടായി;

(ഇ) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം;**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും വ്യവസായ വകുപ്പിന്റെ നയപ്രഖ്യാപനത്തിൽ ഇത്തരം ഒരു പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ കുടുംബസംഗമം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ തൊഴിൽ രഹിതരായ എല്ലാവർക്കും ഓരോ വീടും ഒരു സാമ്പത്തിക ഉൽപ്പാദക യൂണിറ്റാക്കിക്കൊണ്ട് സ്വയം തൊഴിൽ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ്യുടെ ലക്ഷ്യം.

(സി) യും (ഡി) യും:- പുതിയ തൊഴിൽദാന പദ്ധതിയുടെ ഭാഗമായി വരുന്ന കുടുംബസംഗമം പദ്ധതിയ്ക്ക് അന്തിമരൂപമായിട്ടില്ല. ആയതിനാൽ കുടുംബസംഗമം സുസ്ഥിര വികസന പരിപാടി ഇതുവരെ ആരംഭിച്ചിട്ടില്ല.

## കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

491. ശ്രീ. ഉമേഷ് ചള്ളിയിൽ
ശ്രീ ഷിബു ബേബി ജോൺ
ശ്രീ കെ.കെ. ഷാജു
ശ്രീ ജോണി നെല്ലൂർ
ശ്രീ എ.എൻ. രാജൻ ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം;**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 56 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. ഇതിൽ 30 ലക്ഷം രൂപ

ദേശീയ പിന്നോക്കവിഭാഗ സാമ്പത്തിക വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തിക വായ്പയ്ക്കുള്ള സർക്കാർ സഹായവും 17 ലക്ഷം രൂപ കേരൾ ഹാത്ത് സ്ഥാപിക്കുന്നതിനും 4 ലക്ഷം രൂപ സി.എഫ്.സി യുടെ ആധുനികവൽക്കരണത്തിനും 5 ലക്ഷം രൂപ കോർപ്പറേഷനുള്ള ധനസഹായവും എന്ന ഇനത്തിലാണ് നൽകിയിട്ടുള്ളത്.

കരകൗശലമേഖലയെക്കുറിച്ചുള്ള പഠനത്തിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തിനെ ഏൽപ്പിക്കുകയും ഇതിനായി 3 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. കേരൾ ഹാത്ത് പദ്ധതിയുടെ ആവശ്യത്തിനായി തിരുവനന്തപുരത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കരകൗശലവികസന കോർപ്പറേഷന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ പുനസംഘടനയ്ക്ക് സഹായകമായ പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മേൽപ്പറഞ്ഞതിനുപുറമേ കരകൗശല ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുകയും തദ്വാരാ ഖോർപ്ഫറേഷന്റെ ലാഭം വർദ്ധിപ്പിക്കുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അർബൻ ഹാത്ത്/ കേരൾ ഹാത്ത് എന്ന പദ്ധതി ലക്ഷ്യമിടുന്നു. സാമ്പത്തികവർഷം ഈ പദ്ധതികൾക്കായി 1 കോടി രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയെ മൊത്തത്തിൽ പരിപോഷിപ്പിക്കാനായി ബാബാസാഹേബ് അംബേദ്ക്കർ ഹാത്തഷിപ്പ് വികാസ് യോജന, തൊഴിലാളികൾക്ക് പരിശീലനം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം കരകൗശലവികസന കോർപ്പറേഷന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ-വികസന കോർപ്പറേഷനിൽ നിന്നും 346.50 ലക്ഷം രൂപ ലഭ്യമാക്കാൻ സർക്കാർ ഗ്യാരന്റി നൽകി.

## സഹകരണരംഗത്തെ വായ്പകൾ

492. ശ്രീ. എൻ.ഡി അപ്പച്ചൻ
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ വർക്കല കഹാർ
ശ്രീ വി.ജെ. പൗലോസ്
ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്തെ വായ്പകൾ കിട്ടാക്കടമാകുന്നത് എപ്രകാരമാണ്;

(ബി) വായ്പക്കാരൻ യഥാസമയം വായ്പാത്തുക അടയ്ക്കാതെ വന്നാൽ ജാമ്യക്കാരിൽ നിന്നോ മറ്റു സെക്യൂരിറ്റികളിൽ നിന്നോ വായ്പത്തുക ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(സി) 30-6-2003 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ മതിതയായ സെക്യൂരിറ്റിയില്ലാതെ എന്തു തുകയുടെ വായ്പ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം വായ്പ നൽകിയ തുക തിരിച്ചുകിട്ടാത്തപക്ഷം ലോൺ കൊടുത്ത ഡയറക്ടർ ബോർഡ് മെമ്പർക്കെതിരെ നടപടി എടുക്കാൻ വ്യവസ്ഥയുണ്ടൊ ?

**ഉത്തരം:**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) യാതൊരു തരത്തിലും ഈടാക്കിയെടുക്കാൻ കഴിയില്ല എന്ന് ഉത്തമ ബോദ്ധ്യമുള്ള വായ്പകളെ കിട്ടാക്കടമായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) 92.01 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷറുകൾ

493. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്രഷറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് ലിസ്റ്റ് വ്യക്തമാക്കുമോ;

(ബി) ക്രഷറുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(സി) അനിയന്ത്രിതമായ പാറപൊട്ടിക്കൽ കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടൊ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാറപൊട്ടിക്കുവാൻ ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഇ) വിവിധ ഇനം പാറപൊട്ടിക്കലിന് ഈടാക്കുന്ന ഫീസ് തരംതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) വ്യവസായ വകുപ്പ് ലൈസൻസ് നൽകുന്നതിനുമുൻപ് പരിസ്ഥിതി മലിനീകരണ വിഷയങ്ങളെ സംബന്ധിച്ച് പരിശോധിക്കാറുണ്ടൊ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

**ഉത്തരം:**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ക്രഷർ സ്ഥാപനത്തിന് വ്യവസായ വകുപ്പിൽ നടപടിക്രമങ്ങളില്ല. ക്രഷർ പ്രവർത്തിക്കുന്നതിൽ തൊഴിൽ വകുപ്പിൽ നിന്നും ഓരോ ജില്ലയ്ക്കും താഴെപ്പറയുന്ന പ്രകാരം ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 72 |
| കൊല്ലം | 61 |
| ആലപ്പുഴ | 04 |
| പത്തനംതിട്ട | 41 |
| കോട്ടയം | 61 |
| എറണാകുളം | 246 |
| ഇടുക്കി | 22 |
| തൃശൂർ | 50 |
| മലപ്പുറം | 107 |
| പാലക്കാട് | 11 |
| വയനാട് | 15 |
| കോഴിക്കോട് | 75 |
| കണ്ണൂർ | 130 |
| കാസർഗോഡ് | 41 |

(ബി) ക്രഷറുകൾ സ്ഥാപിക്കുന്നതിന് എൻ.ഒ.സി യ്ക്കുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള അനുമതി പത്രങ്ങൾ ആവശ്യമാണ്.

1. എസ്.എസ്.ഐ യുടെ താല്ക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
2. ഗ്രാമപഞ്ചായത്തിന്റെ അനുമതി പത്രം
3. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്
4. ജില്ലാമെഡിക്കൽ ഓഫീസറുടെ അനുമതി പത്രം
5. സമിപത്ത് മെറ്റൽ കൈകൊണ്ട് ഉടയ്ക്കുന്ന തൊഴിലാളികളില്ലെന്ന ട്രേഡ് യൂണിയനുകളുടെ സമ്മതപത്രം.

(സി) മൈനിംഗ് ആന്റ് ജിയോളജി ഡിപ്പുർട്ടുമെന്റിൽനിന്നും ഖനനാനുമതി ലഭിച്ച ശേഷമേ പാറപൊട്ടിക്കൽ അനുവദിക്കാറുള്ളു. അനിയന്ത്രിതമായ ഖനനം കണ്ടുപിടിക്കുകയാണെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാറുണ്ട്. അനുമതി നൽകുന്നതിനുമുൻപ് പരിസ്ഥിതി പ്രശ്നങ്ങൾ വിശകലനം ചെയ്യാറുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ 1957 ലെ എംഎം.സി. ആർ ആക്ടനനുസൃതമായാണ് ഖനന പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നത്. പാറക്കല്ല് മൈനർ മിനറലായത് ഇത് പൊട്ടിക്കുന്നതിന് ക്വാറിയിംഗ് ലീസ് എന്നീ അനുമതി ആവശ്യമാണ്. 1967-ലെ കെ.എം.എം.സി ചട്ടങ്ങളിലെ റൂൾ 8 പ്രകാരം ക്വാറീയിംഗ് പെർമിറ്റും റൂൾ 29നനുസൃതമായി ക്വാറീയിംഗ് പെർമിറ്റും റൂൾ 29നനുസൃതമായി ക്വാറിയിംഗ് ലീസും അനുവദിക്കുന്നു.

(ഇ) ഒരു ടൺ കരിങ്കല്ലിന് 16 രൂപ റോയൽറ്റി അടയ്ക്കേണ്ടതാണ്. ക്യൂബിക് മീറ്ററിന് 40 രൂപയാണ് റോയൽറ്റി. അലങ്കാര വിധാനശിലകൾക്ക് 4000 രൂപ ക്യുബിക് മീറ്ററിന് റോയൽറ്റി അടയ്ക്കണം.

(എഫ്) ഉണ്ട്. പാറ പൊട്ടിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് സുവ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ 1957-ലെ എം.എം.സി.ആർ ആക്ട് 1967-ലെ കെ.എം.എം.സി. റൂൾസ് എന്നീ നിയമങ്ങൾ മൂലം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ നിയമങ്ങൾ മൂലം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ നിയമങ്ങൾക്കനുസൃതമായ ശാസ്ത്രീയ നിരീക്ഷണങ്ങൾക്ക് ശേഷമേ ഖനന അനുമതി നൽകാറുള്ളു. പ്രസ്തുത നിരീക്ഷണങ്ങളിൽ പരിസ്ഥിതി മലിനീകരണ് പ്രശ്നങ്ങളും പരിശോധിക്കാറുണ്ട്. ഇതു മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ വിദഗ്ദ്ധ ഭൂവിജ്ഞാന ശാസ്ത്രജ്ഞൻമാർ നിർവഹിക്കുന്നു.

## തലസ്ഥാന നഗരിയിൽ മെട്രോ സർവീസ്

494\. ശ്രീ. ലൂഡി ലൂയിസ്
ശ്രീ വി. ബാലറാം
ശ്രീ ടി.എച്ച് മുസ്തഫ
ശ്രീ ഇ.എം. അഗസ്തി
ശ്രീ കെ. അച്ചുതൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തലസ്ഥാന നഗരിയിൽ മെട്രോ സർവീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഈ സർവീസ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് ലിമിറ്റഡ് സ്റ്റോപ്പ് സർവീസായി വിഭാവന ചെയ്തിട്ടുണ്ടോ;

(ഡി) പ്രൈവറ്റ് സർവീസുകളുമായി ഫലപ്രദമായി മത്സരിക്കുവാൻ ഈ മെട്രോ സർവീസിന് കഴിയുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗതവകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചർച്ചചെയ്തുവരുന്നു.

(സി) വിശദാംശങ്ങൾ ചർച്ചചെയ്തുവരുന്നു

(ഡി) കഴിയും

## <u>ഐ.റ്റി വികസനത്തെപ്പറ്റിയുള്ള പഠനം</u>

495 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എൻ.ഡി.അപ്പച്ചൻ :

ശ്രീ. കെ.മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. വികസനത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ പഠനത്തിന് അടിസ്ഥാനമായി എടുത്ത ഘടകങ്ങളെന്തെല്ലാം ;

(ബി) സംസ്ഥാനത്തിന്റെ ഐ.ടി. വികസന സാദ്ധ്യത എത്രമാത്രമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ഐ.ടി.വികസനത്തിൽ ഇന്ത്യയിൽ നമ്മുടെ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) സംസ്ഥാനത്തെ ഐ.ടി. വികസനത്തെപ്പറ്റി മൂന്ന് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിലുള്ള പഠന റിപ്പോർട്ടുകൾ ഇൻറർ നെറ്റ് ഉപയോഗിച്ചുള്ള പഠനം, രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലെ പ്രധാനപ്പെട്ട ഐ.ടി. കേന്ദ്രങ്ങളിലും നൽകിവരുന്ന സഹായങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി വെഞ്ചർ മാനേജ്മെന്റ് അസോസിയേറ്റ്സ് നടത്തിയിട്ടുള്ളതാണ് ഒരു പഠനം. ഒരു വിദഗ്ദ്ധ സമിതി വിലയിരുത്തിയതിനു ശേഷമാണ് പഠനം പൂർത്തിയായത്. സീ.ബി റിച്ചാർഡ്സ് എല്ലീസ് എന്ന സ്ഥാപനം ആഗോള ഐ.ടി. വ്യവസായം, കേരളാ ഐ.ടി വ്യവസായം, കൊച്ചി നഗരവികസന സാദ്ധ്യത, അടിസ്ഥാന സൗകര്യത്തിന്റെ ആവശ്യം എന്നിവ അടിസ്ഥാനമാക്കി നടത്തിയതാണ് മറ്റൊരു പഠനം. മൂന്നാമതായി ആരോഗ്യ രംഗത്ത് ബിസിനസ് പ്രോസസ് ഔട്ട് സോഴ്സിംഗിന് കേരളത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് വിപ്രോ കംപനിയും അപ്പോളോ ഹെൽത്ത് സ്ട്രീറ്റ് എന്ന കംപനിയും ചേർന്ന് പഠനം നടത്തിയിട്ടുണ്ട്.

(ബി) ഐ.ടിയ്ക്കും, ഐ.ടി ഉപയോഗിച്ചുള്ള മേഖലകളിലും സാദ്ധ്യതകൾ വളരെക്കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോഴത്തെ 1.5% വികസനത്തോതിൽനിന്നും സംസ്ഥാനത്തിന്റെ വിഹിതം 2007 ആകുമ്പോഴേക്കും 6.5% ആക്കി ഉയർത്താൻ കഴിയുമെന്നാണ് കണ്ടെത്തിയിട്ടുളലത്.

(സി) കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് നടത്തിയ പഠനത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനവും നാസ്സ്കോം നടത്തിയ പഠനത്തിൽ കൊച്ചിക്ക് രണ്ടാം സ്ഥാനവും ഇൻഡ്യ ടു ഡേ നടത്തിയ പഠനത്തിൽ സംസ്ഥാനത്തിന് നാലാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

## <u>കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>

496. ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ബസ്സ്റ്റേഷനുകളിൽ മെച്ചപ്പെട്ട ടോയ്‍ലറ്റ് സൗകര്യങ്ങൾ നൽകുക, വിശ്രമമുറികളും സ്ത്രീകൾക്ക് പ്രത്യേകമായ വെയിറ്റിംഗ് റൂമുകളും നൽകുക, ബസ്സ്റ്റേഷൻ യാർഡുകൾ കോൺക്രീറ്റ് ചെയ്യുക മുതലായ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇത് സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടന്നുവരുന്നു.

**കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷന്റെ പ്രവർത്തനങ്ങൾ**

497. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. കെ.മണി :
ശ്രീ. എം.കെ.പോൾസൺമാസ്റ്റർ :
ശ്രീ. എൻ.ശക്തൻ :
ശ്രീ. കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ;

(ബി) ഗൾഫ് രാജ്യങ്ങളിലേക്ക് യാത്രക്കാരെ കൊണ്ടുപോകുന്നതിന് കപ്പൽ സർവീസ് ആരംഭിക്കുവാൻ ഈ കോർപ്പറേഷന് ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) വൈവിദ്ധ്യവല്ക്കരണത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ്, കോസ്റ്റൽ ഷിപ്പിംഗ്, പാസഞ്ചർ ഷിപ്പിംഗ് തുടങ്ങിയ മേഖലകളിലേക്ക് കൂടി ശ്രദ്ധ പതിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായുള്ള നടപടികൾ നടന്നു വരുന്നു. ഇതു കൂടാതെ ഒരു ഹൈസ്പീഡ് കറ്റമറാൻ സർവീസ് ആരംഭിക്കാനും ടൂറിസം മേഖലയിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാനും കംപനി ശ്രമം തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കപ്പൽ സർവീസ് ഒരു സംയുക്ത സംരംഭമായി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായി വരുന്നു.

**ഐ.ടി.പ്രൊഫഷണലുകൾക്ക് തൊഴിൽ**

498 ശ്രീ.കെ.മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. കെ.സി.ജോസഫ് :
ശ്രീ .ഡി.സുഗതൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.പ്രൊഫഷണലുകൾക്ക് പരിചയം സമ്പാദിക്കുവാനുള്ള എന്തെല്ലാം സൗകര്യങ്ങളും അവസരങ്ങളുമുണ്ടായിട്ടുണ്ട് ;

(ബി) ഇ-ഗവേണൻസ് നടപ്പാക്കുമ്പോൾ പ്രതിവർഷം എത്ര ഐ.ടി.പ്രൊഫഷണലുകൾക്ക് തൊഴിൽ കിട്ടാൻ സൗകര്യമുണ്ട് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) സംസ്ഥാനത്ത് ഐ.ടി. പ്രൊഫഷണലുകൾക്ക് പരിചയം സമ്പാദിക്കുവാനുള്ള സൗകര്യത്തിനായി സോഫ്റ്റ് വെയർ കോംപിറ്റൻസി സെന്റർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള എന്നീ സ്ഥാപനങ്ങൾ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ

ടെക്സ് യൂസേഴ്സ് ഗ്രൂപ്പുമായി ചേർന്ന് ഇലക്ട്രോണിക്സ് ടെക്സ്റ്റ് പ്രോസസിംഗ് പരിശീലനവും നടത്തുന്നുണ്ട്.

(ബി) ഇ-ഗവേണൻസ് പദ്ധതി, ഭരണസംവിധാനം വേഗത്തിലും കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെടുത്തി പ്രത്യക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുദ്ദേശിച്ചിട്ടില്ല. എന്നാൽ പരോക്ഷമായ തൊഴിൽ സാദ്ധ്യതകൾ ധാരാളം ഉണ്ടാകുവാനുള്ള അവസരമുണ്ട്.

## <u>അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരണം</u>

499. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ഈ കമ്മിറ്റി രൂപീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കാലതാമസം ഒഴിവാക്കി അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽ വകുപ്പുമന്ത്രി ) :**

(എ) യും (ബി) യും : രൂപീകരിച്ചിട്ടില്ല. 2002-ലെ കയറ്റിറക്ക് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിന് ജില്ലാതല ഉപദേശകസമിതികൾ രൂപീകരിക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) ഈ ഉപദേശകസമിതിയിൽ അംഗങ്ങളാകേണ്ട ട്രേഡ് യൂണിയൻ പ്രതിനിധകളുടെ നാമനിർദ്ദേശം കഴിഞ്ഞാൽ സമിതി രൂപീകരിക്കാവുന്നതാണ്.

(ഡി) ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടുതൽ ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.